കാർഷിക കാലാവസ്ഥ വെള്ളിയാഴ്ച്ച ബുള്ളറ്റിൻ

# കൊല്ലം ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്

## കൃഷി വിജ്ഞാന കേന്ദ്രം കൊല്ലം

കേരള കാർഷിക സർവ്വകലാശാല
സദാനന്ദപുരം, കൊട്ടാരക്കര

AAS No. 88/2022 | **കാലാവസ്ഥ പ്രവചനം** | 04.11.2022

| കാലാവസ്ഥാ ഘടകങ്ങൾ | 2022 നവംബർ 05 | 2022 നവംബർ 06 | 2022 നവംബർ 07 | 2022 നവംബർ 08 | 2022 നവംബർ 09 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 12 | 4 | 2 | 1 | 0.1 |
| ഉയർന്ന താപനില (°c) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°c) | 20 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത(%) | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കാറ്റിന്റെ വേഗത(കി.മീ/ മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 230 | 230 | 210 | 360 |
| മേഘ വ്യാപ്തി (ഒക്ടാ) | 8 | 8 | 8 | 6 | 4 |

## മഴ മുന്നറിയിപ്പ്

| 2022 നവംബർ 4 | 2022 നവംബർ 5 | 2022 നവംബർ 6 | 2022 നവംബർ 7 | 2022 നവംബർ 8 |
|---|---|---|---|---|
| ഒറ്റപ്പെട്ട ശക്തമായ മഴ | ഒറ്റപ്പെട്ട ശക്തമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ | നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ |

## കാലാവസ്ഥ ഉള്ളടക്കം

കഴിഞ്ഞ ആഴ്ചയിലെ കാലാവസ്ഥ റിപ്പോർട്ട് പ്രകാരം, കൊല്ലം ജില്ലയിൽ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴ ലഭിച്ചിട്ടുണ്ട്. ജില്ലയിൽ അനുഭവപ്പെട്ട കൂടിയ താപനില 34 ഡിഗ്രീ സെല്ഷ്യയസ് ആയിരുന്നു.

ഇന്ത്യ കാലാവസ്ഥ വകുപ്പിന്റെ അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം അനുസരിച്ച് കൊല്ലം ജില്ലയിൽ നവംബർ 4,5 തീയതികളിൽ ഒറ്റപ്പെട്ട ശക്തവുമായ മഴക്ക് (മഞ്ഞ അലെർട്), നവംബർ 6 മുതൽ നവംബർ 8 വരെ നേരിയതും സാമാന്യം ഭേദപ്പെട്ടതുമായ മഴക്കും സാധ്യത. കൂടിയ താപനില 33°C വരെയും കുറഞ്ഞ താപനില 20°C വരെയും ആകാൻ സാധ്യത.

43 - മത് കാലാവസ്ഥ ആഴ്ചയുടെ (22.10.2022 to 28.10.2022) NDVI നിരീക്ഷണ ഫലപ്രകാരം ജില്ലയിലെ വിളകളുടെ ഊർജ്ജസ് നല്ല നിലയിലാണ്. മിനിസ്ട്രി ഓഫ് എർത് സയൻസിന്റെയും ഐ. എം. ഡിയുടെയും SPI ഇൻഡക്സ് ഫലപ്രകാരം കഴിഞ്ഞ 2022 ഒക്ടോബർ 06 മുതൽ 2022 നവംബർ 02 വരെ ജില്ലയിൽ മിതമായ ഈർപ്പവും മിതമായ വരണ്ട അവസ്ഥയാണ് അനുഭവപ്പെട്ടിട്ടുള്ളത്.

## പൊതുനിർദ്ദേശങ്ങൾ

- വരും ദിവസങ്ങളിൽ ഇടിയോടു കൂടിയ മഴപെയ്യാൻ സാധ്യത ഉള്ളതിനാൽ ഉച്ചക്ക് ശേഷം തുറസായ സ്ഥലങ്ങളിൽ കാർഷിക പ്രവർത്തനങ്ങളിലും മറ്റും ഏർപ്പെട്ടിക്കുന്നവർ പ്രതേകം ശ്രെദ്ധിക്കുക.
- തുറസായ സ്ഥലങ്ങളിൽ കന്നുകാലികളെ മേയാനായി വിടുന്നത് ഈ സമയങ്ങളിൽ ഒഴിവാക്കുക.
- കന്നുകാലികളെ ഉറപ്പുള്ള മേൽക്കുരക്കടിയിൽ പാർപ്പിക്കുക.
- തൊഴുത്തിൽ വെള്ളക്കെട്ട് നിൽക്കുന്ന അവസ്ഥ ഒഴിവാക്കുകയും തീറ്റ ഈർപ്പം നിൽക്കാതെ സൂക്ഷിക്കുകയും ചെയ്യുക.
- കീടനാശികളോ വളപ്രയോഗങ്ങളോ കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം തളിക്കുക.
- കൃഷിയിടങ്ങളിൽ ചാലുകൾ കീറി നീർവാഴ്ച സൗകര്യം ഒരുക്കേണ്ടതാണ്.

# കാർഷികനിർദ്ദേശങ്ങൾ

## ശീതകാല പച്ചക്കറി വിളകൾ

- നവംബർ മാസത്തിലെ ആദ്യ രണ്ടാഴ്ചകൾ കാബ്ബേജ്, കോളിഫ്ലവർ തുടങ്ങിയ ശീതകാല പച്ചക്കറി വിളകൾ പ്രധാന കൃഷിയിടത്തിലേക്ക് പറിച്ചു നടുന്നതിനു അനുയോജ്യമായ സമയമാണ്.
- ഒക്ടോബർ ആദ്യ വാരത്തിൽ വിത്തിട്ടു മുളപ്പിച്ച തൈകളിൽ നിന്നും 30 ദിവസം പ്രായമായതും 4 മുതൽ 5 ഇല പരുവം എത്തിയതുമായ തൈകൾ ആണ് പ്രധാന കൃഷിയിടത്തിലേക്കോ ഗ്രോബാഗിലേക്കോ പറിച്ചുനടീലിനായി ഉപയോഗിക്കേണ്ടത്.
- പറിച്ചു നടീലിനായി നിലമൊരുക്കൽ പൂർത്തിയായ കൃഷിയിടങ്ങളിൽ 30 cm ഉയരത്തില് വരമ്പുകൾ കോരി അതില് രണ്ടു വരികൾ തമ്മിൽ 60 സെന്റിമീറ്ററും രണ്ടു ചെടികൾ തമ്മിൽ 45 - 60 സെന്റീമീറ്ററും അകലത്തിൽ തൈകൾ പറിച്ചു നടാവുന്നതാണ്.
- ഗ്രോബാഗിലാണ് നടുന്നതെങ്കിൽ നട്ട ചെടികൾ 3 - 4 ദിവസം തണലിൽ വച്ചതിനു ശേഷം നല്ല വെയിൽ കിട്ടുന്ന സ്ഥലത്തേക്ക് മാറ്റി വെക്കണം.





## നെല്ല്

- വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുള്ളതിനാൽ നെൽപ്പാടങ്ങളിൽ ബണ്ടുകൾ തുറന്നും ചാലുകൾ കീറിയും ശരിയായ നീർവാർച്ചാ സൗകര്യം ഒരുക്കണം.
- കാലാവസ്ഥ അനുകൂലമാകുന്നതുവരെ വളം, കീടനാശിനി പ്രയോഗം തുടങ്ങിയ കാർഷിക പ്രവർത്തനങ്ങൾ കുറച്ച് ദിവസത്തേക്ക് മാറ്റിവെക്കുക.



## കന്നുകാലികളിലെ എലിപ്പനി പ്രധിരോധ മാർഗങ്ങൾ.

- എലിപ്പനിയുടെ പ്രധിരോധ കുത്തിവെപ്പ് നായകളിൽ മാത്രമാണ് ലഭ്യമാകുന്നത്.
- മഴക്കാലത്ത് എലി മൂത്രത്തിലൂടെ രോഗം പകരാൻ സാധ്യതയുള്ളതിനാൽ കുടിവെള്ളം, ഭക്ഷണം എന്നിവ വൃത്തിയായി അടച്ചു സൂക്ഷിക്കുക
- എലികളുടെ ആക്രമണം തടയാൻ തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും ഭക്ഷണ അവശിഷ്ടങ്ങളും ചപ്പു ചവറുകളും വൃത്തിയായി സംസ്കരിക്കുകയും ചെയ്യുക
- വളർത്തു മൃഗങ്ങളുടെ തീറ്റ സൂക്ഷിക്കുന്ന മുറികളിൽ എലിക്കെണികൾ, എലിവിഷം മുതലായവ ഉപയോഗിക്കുന്നത് കർശനമാക്കുക.




